പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 37

28.1.2019 ൽ
മറുപടിക്ക്

## കെ.എ.എസ്. വിജ്ഞാപനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | സംസ്ഥാനത്ത് കെ.എ.എസ്. നടപ്പിൽ വരുത്തി സർക്കാർ ഉത്തരവ് ഇറക്കിയത് 2018 ജനുവരി 1 ന് ആണോയെന്ന് വെളിപ്പെടുത്തുമോ; | എ) | 29.12.2017 ലെ എസ്.ആർ.ഒ. നം.861/2017 പ്രകാരം 1.1.2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വന്നു. |
| ബി) | എങ്കിൽ ഒരു വർഷം കഴിഞ്ഞിട്ടും സർക്കാരിന് ഇത് സംബന്ധമായ അന്തിമചട്ടം വിജ്ഞാപനം ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ, പി.എസ്.സി.ക്കും ഇത് സംബന്ധമായ നിയമന വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിയാതെ പോകുന്നതായ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; | ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) വിശേഷാൽ ചട്ടത്തിൽ നിയമസഭ അംഗീകരിച്ച ഭേദഗതികളടക്കം ചില ഭേദഗതികൾ സർക്കാരിന്റെ പരിശോധനയിലാണ്. ആയത് അന്തിമമാകുന്ന മുറയ്ക്ക് പരീക്ഷാ വിജ്ഞാപനത്തിനുള്ള നടപടികൾ പി.എസ്.സി സ്വീകരിക്കുന്നതാണ്. |
| സി) | 2018-ൽ കെ.എ.എസ്. -ന് അപേക്ഷിക്കാനുള്ള പ്രായപരിധി പിന്നിടുന്ന വലിയൊരു വിഭാഗം ഉദ്യോഗസ്ഥർക്ക് ഇത് കാരണം അവസരം നഷ്ടമാകുമോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ? | സി) | സ്പെഷ്യൽ റൂൾസ് അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ നിയമന നടപടികൾ സ്വീകരിക്കാനാവൂ. |

സെക്ഷൻ ഓഫീസർ